**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1345** **10-10-2024 - ൽ മറുപടിയ്ക്ക്**

**അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നല്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദീർഘനാളായി അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നല്കാൻ സ്വീകരിച്ചുവരുന്ന നടപടി എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന സിലബസിൽ പ്രവർത്തിക്കുന്നതും , അംഗീകാരമില്ലാത്തതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി 22.05.2019-ലെ സ.ഉ.(എം.എസ്)നം.45/2019/ പൊ.വി.വ പ്രകാരവും, സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും (NOC), അംഗീകാരവും നൽകുന്നതിനായി 01.03.2019-ലെ സ.ഉ.(എം.എസ്) നം. 22/ 2019/ പൊ.വി.വ പ്രകാരവും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതും എല്ലാ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടെങ്കിൽ അംഗീകാരം നൽകുന്നതുമാണ്. |
| (ബി) | ഈ വർഷം എത്ര അപേക്ഷകൾ ഇതുവരെ അംഗീകാരം ലഭിക്കാനായി ലഭിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | 2024-25 അധ്യയനവർഷം അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | അഞ്ചു വർഷത്തിൽ കൂടുതൽ പ്രവർത്തിച്ചു വരുന്നതും പിന്നാക്ക മേഖലകളിൽ ദേശീയ വിദ്യാഭ്യാസ ചട്ടങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്നതുമായ സ്കൂളുകൾക്ക് അംഗീകാരം നല്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ദേശീയ വിദ്യാഭ്യാസ അവകാശനിയമം 2009-ന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സിലബസിൽ പ്രവർത്തിക്കുന്നതും, അംഗീകാരമില്ലാത്തതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി 22.05.2019-ലെ സ.ഉ.(എം.എസ്)നം. 45/2019/ പൊ.വി.വ പ്രകാരവും, സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും (NOC), അംഗീകാരവും നൽകുന്നതിനായി 01.03.2019-ലെ സ.ഉ.(എം.എസ്) നം. 22/2019/പൊ.വി.വ പ്രകാരവും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതും എല്ലാ മാനദണ്ഡങ്ങളും |

| | | | |
|---|---|---|---|
| | | | പാലിക്കപ്പെടുന്നുണ്ടെങ്കിൽ അംഗീകാരം നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ